"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് -2024 (ഡിസംബർ 1 - 31 )ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.727/2024/TSM തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:- 1. ബഹു. വൈപ്പിൻ എം എൽ എ ശ്രീ കെ.എൻ ഉണ്ണികൃഷ്ണൻ സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.12.2024 തിയതിയിലെ DOT/15054//2024-M1 നം കത്ത്.

**ഉത്തരവ്**

വൈപ്പിൻ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര-സാംസ്കാരിക മേഖലക്ക് ഉണർവേകാനായി ഡിസംബർ 1 മുതൽ 31 വരെ വൈപ്പിൻ കരയിലെ മുനമ്പം, കുഴുപ്പിള്ളി; പുതുവൈപ്പ് ബീച്ചുകളിലായി സംഘടിപ്പിക്കുന്ന വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് -2024 ന് ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. വൈപ്പിൻ എം എൽ എ ശ്രീ കെ,എൻ ഉണ്ണികൃഷ്ണൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിനോദസഞ്ചാര-സാംസ്കാരിക മേഖലക്ക് ഉണർവേകാനായി ഡിസംബർ 1 മുതൽ 31 വരെ വൈപ്പിൻ കരയിലെ മുനമ്പം, കുഴുപ്പിള്ളി; പുതുവൈപ്പ് ബീച്ചുകളിലായി സംഘടിപ്പിക്കുന്ന വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് -2024 ന് 3452-80-104-99 പൈതൃകം പരിസ്ഥിതി സാംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം

വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് സംഘടന ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് സംഘടന ഭാരവാഹികൾ ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 23-12-2024 15:21:15
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്